**അടിയന്തരപ്രമേയ നോട്ടീസ്**

എ.കെ.ജി. സെന്ററിനും കോൺഗ്രസ് ഓഫീസുകൾക്കും നേരെയുണ്ടായ ആക്രമണം

മി. സ്പീക്കർ: ഓർഡർ....ഓർഡർ..... എ.കെ.ജി. സെന്ററിൽ സ്ഫോടക വസ്തു എറിഞ്ഞ സംഭവത്തിലും തുടർന്ന് സംസ്ഥാനത്തുടനീളം കോൺഗ്രസ്സ് ഓഫീസുകളും സ്തൂപങ്ങളും തകർത്ത സംഭവങ്ങളിലും പോലീസ് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.സി. വിഷ്ണുനാഥ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എ.കെ.ജി. സെന്ററിന് നേരെ നടന്ന ആക്രമണം ആ രാത്രി തന്നെ പതിനായിരങ്ങളുടെ അമർഷത്തിനും പ്രതിഷേധത്തിനും ഇടയാക്കിയ സംഭവമാണ്. ലക്ഷക്കണക്കിന് ആളുകൾക്ക് വലിയ വേദനയോടെ മാത്രമേ ആ ആക്രമണ സംഭവത്തെകുറിച്ച് കേൾക്കാനും കഴിഞ്ഞിട്ടുള്ളൂ. അത്തരമൊരു സാഹചര്യത്തിൽ ഈ അടിയന്തരപ്രമേയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളത് അംഗീകരിക്കുന്നതാണ് നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ഓർഡർ....ഓർഡർ..... ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് 5 അംഗങ്ങളും ചേർന്ന് നോട്ടീസ് നൽകിയ ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസിന്മേൽ ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ച സാഹചര്യത്തിൽ ചട്ടം 55-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ഉച്ചയ്ക്ക് 1 മണിക്ക് പ്രമേയം ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂർ സമയം ചർച്ചയ്ക്ക് അനുവദിക്കുന്നു. ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ പരാമർശിച്ചിട്ടുള്ള ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച അതിനനുസരിച്ച് ക്രമീകരിക്കുന്നതാണ്.